പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1111 13.12.2012-ൽ മറുപടിയ്ക്ക്

മലയാളം - നിർബന്ധിത ഒന്നാം ഭാഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) കേരളത്തിൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കി മാറ്റുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കാമോ ; | (എ) 01.09.11 -ലെ സ:ഉ(പി) നം:183/11/ പൊ.വി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും (ഐ.സി.എസ്.ഇ സി.ബി.എസ്.ഇ/ ഓറിയന്റൽ ഉൾപ്പെടെ) മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. ഇതു സംബന്ധമായ പ്രവർത്തനങ്ങൾ പൂർത്തിയായി വരികയാണ്. |
| (ബി) പുതുതായി തുടങ്ങുന്ന സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്ക്കൂളുകളിൽ മലയാളം പഠിപ്പിച്ചില്ലെങ്കിൽ അംഗീകാരം പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (ബി) ഇക്കാര്യത്തിൽ ഇതുവരെയും തീരുമാനമായിട്ടില്ല. എന്നാൽ 10.05.12 -ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ സ്ക്കൂളുകളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കുന്നതിനും ഇത്തരം സ്ഥാപനങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ യോഗം സർക്കാർ തലത്തിൽ വിളിച്ചു ചേർക്കുന്നതിനും |

(...................2)

അദ്ധ്യാപകർക്കു വേണ്ട പരിശീലനം പാഠപുസ്തക വിതരണം എന്നിവ നടത്തുന്നതിനും തീരുമാനമുണ്ടാ - യിട്ടുണ്ട്. കൂടാതെ നിലവിലുള്ള സമീപനമനുസരിച്ചുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കി നൽകുന്നതിന് എസ്.സി.ഇ.ആർ.റ്റി യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്

| | |
|---|---|
| (സി) പ്രസ്തുത സ്ക്കൂളുകളിലും മലയാള പഠനം നിർബന്ധമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ? | (സി) മലയാള പഠനം നിർബന്ധമാക്കുന്നതിനെതിരെ ബഹു: ഹൈക്കോടതി വിധി പ്രസ്താവി- ച്ചിരിക്കയാണ് . ടി വിധിക്കെതിരെ സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ